# FIRST TERMINAL EVALUATION – 2019
## SOCIAL SCIENCE - ANSWER KEY
### STD IX

**BIJU.M**
**GHSS PRAPPA**
**KASARGOD**

**COLIN JOSE.E**
**DR.AMMR GOVT. HSS, KATTELA**
**THIRUVANANTHAPURAM**

| Sl No: | VALUE POINTS | Score |
|---|---|---|
| | **1 മുതൽ 8 വരെ ഏതെങ്കിലും 7 ഉത്തരങ്ങൾക്ക് 2 സ്കോർ വീതം** | |
| **1** | A. അഭിവഹനം<br>B. സംവഹനം | **2** |
| **2** | • വിൽ ഡ്യുറന്റ്<br>• കോർപ്പസ് ജ്യൂറിസ് സിവിൽസ് | **2** |
| **3** | ➢ ചെങ്കിസ്ഖാൻ<br>➢ കൊറിയർ | **2** |
| **4** | ✗ ഹിമാലയ പർവതം<br>✗ സംയോജകസീമകൾ | **2** |
| **5** | ✔ ഇൻക<br>✔ ആസ്ടെക്<br>✔ ടോൾടെക്ക്<br>✔ പടയൻ<br>✔ കരീബിയൻ **(any 2)** | **2** |
| **6** | ➔ വിയോജകസീമകളിൽ ഫലകങ്ങൾ പരസ്പരം അകലുന്നതിന്റെ ഫലമായി ഇവയ്ക്കിടയിലൂടെ മാഗ്മ പുറത്തേക്ക് വന്ന് തണുത്തുറഞ്ഞാണ് സമുദ്രാന്തർ പർവത നിരകൾ രൂപംകൊള്ളുന്നത്<br>➔ ഉദാ: മധ്യ അറ്റ്ലാന്റിക് പർവതനിര | **2** |
| **7** | ◆ സ്പെയിൻ A. കൊർദോവ<br>◆ ഇറ്റലി B. ബൊളോണ | **2** |
| **8** | • സംയോജകസീമകളിൽ ഫലകങ്ങൾ തമ്മിൽ സാന്ദ്രതാ വ്യത്യാസം ഉണ്ടെങ്കിൽ സാന്ദ്രത കൂടിയ ഫലകം സാന്ദ്രത കുറഞ്ഞ ഫലകത്തിനടിയിലേക്ക് ആണ്ടുപോകുന്നു ഇങ്ങനെ നിമജ്ജനമേഖലകൾ രൂപം കൊള്ളുന്നു<br>• ഉദാ: ചലഞ്ചർ ഗർത്തം | **2** |
| | **9 മുതൽ 15 വരെ ഏതെങ്കിലും 6 ഉത്തരങ്ങൾക്ക് 3 സ്കോർ വീതം** | |
| **9** | • അറേബ്യയിലാദ്യമായി ആശുപത്രികൾ സ്ഥാപിച്ചു<br>• ധാരാളം ക്ഷേമപദ്ധതികൾ നടപ്പിലാക്കി<br>• നിയമ വാഴ്ച്ച കർക്കശമാക്കി<br>• രാജ്യത്തുടനീളം ജനങ്ങൾക്ക് നിർഭയമായി സഞ്ചരിക്കാമായിരുന്നു | **3** |
| **10** | (a) സ്ട്രാറ്റസ് മേഘങ്ങൾ | |

| | | |
|---|---|---|
| | (b) നിംബസ് മേഘങ്ങൾ<br>(c) സിറസ് മേഘങ്ങൾ | **3** |
| **11** | (A) റോം<br>(B) ബാഗ്ദാദ്<br>(C) ജപ്പാൻ | **3** |
| **12** | ➢ ഒരേ അന്തരീക്ഷതാപം അനുഭവപ്പെടുന്ന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് വരയ്ക്കുന്ന രേഖ<br>➢ കരയും കടലും വ്യത്യസ്തമായി ചൂടുപിടിക്കുന്നതുകൊണ്ടാണ് സമതാപരേഖകൾ പൊതുവെ വളഞ്ഞു കാണുന്നത്<br>➢ ഉത്തരാർദ്ധഗോളത്തിൽ കരഭാഗം കൂടുതലും ദക്ഷിണാർദ്ധഗോളത്തിൽ കടൽ ഭാഗം കുടുതലുമാണ് | **3** |
| **13** | ✔ പരസ്പരസഹായവും സഹകരണവും വളർത്തുക<br>✔ കമ്പോളകുത്തക നിലനിർത്തുക<br>✔ സാമ്പത്തികസ്ഥിരത കൈവരിക്കുക | **3** |
| **14** | ◆ പ്രാഥമികതരംഗങ്ങൾ , ദ്വിതിയതരംഗങ്ങൾ , പ്രതലതരംഗങ്ങൾ<br>● പ്രതലതരംഗങ്ങൾ | **3** |
| **15** | • ലാവശിലകൾ പൊടിഞ്ഞുണ്ടാകുന്ന മണ്ണ് ഫലഭൂയിഷ്ഠമാണ്<br>• അഗ്നിപർവതസ്ഫോടന സമയത്ത് പുറത്തേക്ക് വരുന്ന ചാരം വളമായി ഉപയോഗിക്കാം<br>• അഗ്നിപർവതപ്രദേശങ്ങളിൽ പലയിടത്തും ഗീസറുകൾ രൂപപ്പെടുന്നു | **3** |
| **16 മുതൽ 25 വരെ ഏതെങ്കിലും 9 ഉത്തരങ്ങൾക്ക് 4 സ്കോർ വീതം** | | |
| **16** | ➢ വിദ്യാഭ്യാസയോഗ്യതയും മികവും മാനദണ്ഡമാക്കി മത്സരപ്പരീക്ഷകളിലൂടെ ഉദ്യോഗസ്ഥരെ തിരഞ്ഞെടുത്തു<br>➢ മതസഹിഷ്ണുത പുലർത്തിയിരുന്നു<br>➢ കച്ചവടത്തിന്റെ പ്രോത്സാഹകരായിരുന്നു<br>➢ പരമാധികാരം ചക്രവർത്തിയിൽ നിക്ഷിപ്തമായിരുന്നു | **4** |
| **17** | ■ സൗരതാപനവും ഭൗമവികിരണവും തമ്മിലുള്ള സന്തുലനത്തെ <u>ഹീറ്റ്ബജറ്റ്</u> എന്ന് വിളിക്കുന്നു<br>• ഭൗമാന്തരീക്ഷത്തിലേക്ക് പ്രവേശിക്കുന്ന സൗരോർജ്ജത്തിന്റെ അളവിനെ 100 യൂണിറ്റായി കണക്കാക്കിയാൽ 35 യൂണിറ്റ് ഊർജ്ജം അന്തരീക്ഷവസ്തുക്കളിൽ തട്ടി പ്രതിഫലിക്കുന്നതിലൂടെ നഷ്ടമാകുന്നു<br>• ബാക്കി 65 യൂണിറ്റിൽ 51 യൂണിറ്റ് ഭൗമോപരിതലത്തിൽ എത്തിചേരുന്നു , 14 യൂണിറ്റ് അന്തരീക്ഷത്തിൽ തങ്ങിനിൽക്കുന്നു<br>• ഭൗമാന്തരീക്ഷത്തിലെത്തിയ 65 യൂണിറ്റിൽ, ഭൗമോപരിതലത്തിൽ നിന്ന് നേരിട്ടുള്ള ഭൗമവികിരണം 17 യൂണിറ്റ്, അന്തരീക്ഷത്തിൽ നിന്നുള്ള വികിരണം 48 യൂണിറ്റ്<br>• ഇത്തരത്തിൽ ഭൗമോപരിതലത്തിലേക്കെത്തുന്ന മുഴുവൻ ഊർജവും വിവിധ മാർഗങ്ങളിലൂടെ ശൂന്യാകാശത്ത് മടങ്ങിപ്പോകുന്നു | **4** |

<table>
<tr><td>18</td><td>
✔ ഫലകചലനം<br>
✔ ഭ്രംശനം<br>
✔ ഖനികളുടെ മേൽക്കൂര ഇടിഞ്ഞുവീഴുന്നത്<br>
✔ ജലസംഭരണികളിലെ സമ്മർദ്ദം<br>
✔ അഗ്നിപർവതങ്ങളുണ്ടാകുന്ന സന്ദർഭങ്ങൾ
</td><td>4</td></tr>
<tr><td>19</td><td>
<table>
<tr><th>A</th><th>B</th></tr>
<tr><td>സുലൈമാൻ</td><td>അൽഖാനൂനി</td></tr>
<tr><td>കങ്കൻ മൂസ</td><td>മൻസമൗസ</td></tr>
<tr><td>ഷാലമീൻ</td><td>മിസൈ ഡൊമിനിസി</td></tr>
<tr><td>ഹാറൂൺ-അൽ-റഷീദ്</td><td>അബ്ബാസിയ വംശം</td></tr>
</table>
</td><td>4</td></tr>
<tr><td>20</td><td>
(A) <u>ദൈനികതാപാന്തരം</u><br>
• ഒരു ദിവസത്തെ കൂടിയ താപനിലയും കുറഞ്ഞതാപനിലയും തമ്മിലുള്ള വ്യത്യാസമാണ്<br>
<u>ദൈനിക ശരാശരി താപനില</u><br>
• ഒരു ദിവസത്തെ ശരാശരി താപനിലയാണ്<br>
ദൈനിക ശരാശരി താപനില =<br>
$\frac{\text{കൂടിയ താപനില + കുറഞ്ഞതാപനില}}{2}$<br>
(B) <u>കേവല ആർദ്രത</u><br>
• വായുവിലടങ്ങിയിട്ടുള്ള നീരാവിയുടെ യഥാർത്ഥ അളവ്<br>
• ഇത് ഒരു ക്യൂബിക് മീറ്റർ വായുവിൽ എത്ര ഗ്രാം ( $g/m^3$ ) എന്ന ഏകകത്തിലാണ് കണക്കാക്കുന്നത്<br>
<u>ആപേക്ഷിക ആർദ്രത</u><br>
• നിശ്ചിത ഊഷ്മാവിൽ അന്തരീക്ഷത്തിന് ഉൾക്കൊള്ളാൻ കഴിയുന്ന ആകെ നീരാവിയുടെ എത്ര ഭാഗമാണ് അന്തരീക്ഷത്തിൽ നിലവിലുള്ളത് എന്നത് ശതമാനത്തിൽ കണക്കാക്കുന്നതാണ് ആപേക്ഷിക ആർദ്രത<br>
ആപേക്ഷിക ആർദ്രത =<br>
$\frac{\text{കേവല ആർദ്രത}}{\text{അന്തരീക്ഷത്തിന് ഉൾക്കൊള്ളാൻ കഴിയുന്ന ആകെ നീരാവിയുടെ അളവ്}} \times 100$
</td><td>4</td></tr>
<tr><td>21</td><td>
◆ കടൽത്തിരകൾ പിന്നോട്ട് വലിയുന്നത് കാണുകയാണെങ്കിൽ അത് സുനാമി മുന്നറിയിപ്പായി കരുതി സുരക്ഷിത സ്ഥലത്തേക്ക് മാറുക<br>
◆ ഔദ്യോഗിക മുന്നറിയിപ്പുകൾ ഗൗരവമായി എടുക്കുക<br>
◆ അപകടഘട്ടം തരണം ചെയ്തുവെന്ന് സ്വയം തീരുമാനിക്കാതെ ഔദ്യോഗിക അറിയിപ്പിനായി കാത്തിരിക്കുക<br>
◆ രക്ഷപെടാനുള്ള തിരക്കിനിടയിൽ വസ്തുവകകൾ എടുക്കാനായി സമയം പാഴാക്കാതിരിക്കുക.<br>
◆ സുനാമിയിൽ പെട്ടുപോയാൽ വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന ഏതെങ്കിലും
</td><td>4</td></tr>
</table>

| | | |
|---|---|---|
| | വസ്തുവിൽ പിടിമുറുക്കി രക്ഷപ്പെടാൻ ശ്രമിക്കുക | |
| **22** | ✔ ഉൽപ്പാദനവർദ്ധനവ്<br>✔ ഉൽപ്പന്നങ്ങളുടെ വൈവിധ്യം<br>✔ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം<br>✔ കള്ളന്മാരെയും പിടിച്ചുപറിക്കാരെയും അമർച്ച ചെയ്യുന്നതിനുള്ള നടപടികൾ | **4** |
| **23** | (A) ബാഹ്യചലനങ്ങൾ<br>(B) സാവധാനത്തിലുള്ള ചലനം<br>(C) ഭൂകമ്പം | **4** |
| **24** | ➢ ഫ്രാങ്കിഷ് സാമ്രാജ്യത്തിലെ ചക്രവർത്തിയായിരുന്നു ഷാലമീൻ<br>➢ കത്തോലിക്കാ മതമേധാവിയായ പോപ്പ് ലിയോ മൂന്നാമനെ നാടോടികളായ ലൊംബാർഡുകൾ എന്ന ആക്രമണകാരികളിൽനിന്നു ഷാലമീൻ രക്ഷിച്ചു<br>➢ ഇതിനു പ്രത്യുപകാരമായി ഷാലമീനെ വിശുദ്ധ റോമാചക്രവർത്തിയായി പോപ്പ് കിരീടധാരണം നടത്തി<br>➢ അങ്ങനെ ഫ്രാങ്കിഷ് സാമ്രാജ്യം വിശുദ്ധ റോമാസാമ്രാജ്യമെന്ന് അറിയപ്പെട്ടു | **4** |
| **25** | ◆ ഫലകചലനങ്ങളുടെ ഫലമായി ഫലകാതിരുകളിലെ വിള്ളലുകളിലൂടെ ഉരുകിയ ശിലാദ്രവം പുറത്തേക്ക് വന്നാണ് അഗ്നിപർവതങ്ങൾ ഉണ്ടാകുന്നത്<br>◆ പസഫിക് സമുദ്രത്തിന്റെ അതിർത്തി (ശാന്തസമുദ്രത്തിൽ തീവലയം )<br>◆ കേരളം ഫലകാതിരിന് സമീപമല്ല  സ്ഥിതിചെയ്യുന്നത് | **4** |
| | **26 ,27 ചോദ്യങ്ങളുടെ ഉത്തരങ്ങൾക്ക് 6 സ്കോർ വീതം** | |
| **26** | <u>പ്രാഥമിക വിദ്യാഭ്യാസം</u><br>• പ്രാഥമിക വിദ്യാഭ്യാസത്തിനായി ധാരാളം സ്കൂളുകൾ വളർന്നുവന്നു<br>• മധ്യകാല യൂറോപ്പിൽ സ്ത്രീകളിൽ കന്യാസ്ത്രീമാർക്കും , പ്രഭുക്കന്മാരുടെയും ഭരണാധികാരികളുടെയും മക്കൾക്കും മാത്രമായിരുന്നു വിദ്യാഭ്യാസം കിട്ടിയിരുന്നത്<br>• പത്താം നൂറ്റാണ്ടോടെ ആരംഭിച്ച പ്രാഥമിക വിദ്യാലയങ്ങളിൽ (മക്തബ് ) 6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം നൽകിയിരുന്നു<br>• ചൈനയിലെ വിദ്യാലയങ്ങളിൽ 6 വയസ്സുമുതലാണ് പഠനം ആരംഭിച്ചിരുന്നത്<br>• മധ്യകാല ഇന്ത്യയിൽ ഗുരുകുലസമ്പ്രദായം ആയിരുന്നു<br>**<u>പ്രധാന വിഷയങ്ങൾ</u>**<br>➢ വ്യാകരണം, ലാറ്റിൻഭാഷ, ജ്യോതിശാസ്ത്രം, സാഹിത്യം, തത്ത്വചിന്ത , ഗണിതം, പ്രകൃതിനിയമങ്ങൾ - **<u>സ്കൂളുകളിലെ പ്രധാന പഠനവിഷയങ്ങൾ</u>**<br>➢ തത്ത്വചിന്ത , നിയമം, സാഹിത്യം, വൈദ്യശാസ്ത്രം, വിവിധ ഭാഷകൾ, ജ്യാമിതി - **<u>സർവകലാശാലകളിലെ പഠനവിഷയങ്ങൾ</u>**<br>**<u>സർവകലാശാലകൾ</u>**<br>✗ ബൊളോണ - ഇറ്റലി<br>✗ കോൺസ്റ്റാന്റിനോപ്പിൾ  - തുർക്കി<br>✗ പാരിസ് - ഫ്രാൻസ്<br>✗ ഓക്സ്ഫഡ് , കേംബ്രിഡ്ജ് - ഇംഗ്ലണ്ട് | **6** |

- ✗ കൊർദോവ - സ്പെയിൻ
- ✗ അൽ അസ്ഹർ - ഈജിപ്ത്

**OR**

**പണ്ഡിതന്മാരും അവരുടെ സംഭാവനകളും**

| പണ്ഡിതന്മാർ | സംഭാവനകൾ |
|---|---|
| ഇബ്നു സീന (അവിസന്ന) | • വൈദ്യശാസ്ത്രജ്ഞൻ, തത്വചിന്തകൻ |
| അബു - അൽ - ഖാസിം | • ശസ്ത്രക്രിയയുടെ പിതാവ് |
| അൽബിറൂനി | • ഭൂഗർഭ ശാസ്ത്രത്തിന്റെയും നരവംശശാസ്ത്രത്തിന്റെയും അടിസ്ഥാന ആശയങ്ങൾ രൂപപ്പെടുത്തി |
| മുഹമ്മദ് അൽ റാസി | • വൈദ്യശാസ്ത്രത്തിന് സംഭാവനകൾ നൽകി |
| റോജർ ബേക്കൺ | • യന്ത്രനിർമ്മിത വാഹനങ്ങളുടെയും ആകാശയാനങ്ങളുടെയും കണ്ടുപിടിത്തത്തിന് അടിത്തറയേകി |
| ഭാസ്കര | • ജ്യോതിശാസ്ത്രത്തിന് ശ്രദ്ധേയമായ സംഭാവനകൾ നൽകി |

**അറബികളുടെ സംഭാവനകൾ**

- അറബി അക്കങ്ങളും പൂജ്യവും ഇന്ത്യയിൽ നിന്ന് യൂറോപ്പിൽ പ്രചരിപ്പിച്ചു
- രസതന്ത്രത്തെ ഒരു ശാസ്ത്രമെന്നനിലയിൽ വികസിപ്പിച്ചു
- ബീജഗണിതത്തിന്റെയും പ്രകാശശാസ്ത്രത്തിന്റെയും ഉപജ്ഞാതാക്കൾ അറബികളാണ്

**കുരിശുയുദ്ധത്തിന്റെ ഫലങ്ങൾ**

കുരിശുയുദ്ധത്തിന്റെ ഫലമായി അറബികളുമായിട്ടുള്ള ബന്ധത്തിലൂടെ യൂറോപ്യൻ ജനത പരിചയിച്ച അറിവുകൾ താഴെപ്പറയുന്നു

- ◆ ടെലിസ്കോപ്പിന്റെ നിർമാണത്തിനുള്ള ഉപകരണങ്ങൾ
- ◆ തെരുവുദീപങ്ങൾ , മാലിന്യനിർമാർജന പദ്ധതികൾ
- ◆ മെക്കാനിക്കൽ ക്ളോക്കുകൾ
- ◆ ഗിയറിന്റെ തത്വം
- ◆ ശസ്ത്രക്രിയാ ഉപകരണങ്ങൾ

**ചൈനയുടെ സംഭാവനകൾ**

- വെടിമരുന്ന്
- ഭൂകമ്പമാപിനി
- വടക്കുനോക്കിയന്ത്രം
- അച്ചടി
- ആസ്ഥലാബ്

**27**

**ശൈലവൃഷ്ടി (പർവതവൃഷ്ടി)**

- കടലിൽനിന്നു നീരാവി നിറഞ്ഞ കാറ്റ് കരയിലേക്ക് നീങ്ങുകയും പർവതച്ചരിവുകളിലൂടെ ഉയർന്ന് തണുത്ത് ഘനീഭവിച്ച് മേഘരൂപം പ്രാപിക്കുന്നു
- കാറ്റിനഭിമുഖമായ പർവതങ്ങളുടെ വശങ്ങളിൽ പെയ്തിറങ്ങുന്ന മഴയാണ് ശൈലവൃഷ്ടി

**സംവഹനവൃഷ്ടി**

| | | |
|---|---|---|
| | • ഉഷ്ണമേഖല പ്രദേശങ്ങളിൽ ഉയർന്ന താപമേറ്റ് വായു ചൂടായി വികസിച്ച് മുകളിലേക്കുയരുന്നു<br>• ഈ വായു തണുത്ത് ഘനീഭവിച്ച് കുമുലസ് മേഘങ്ങളുണ്ടാകുന്നു<br>• തുടർന്ന് ഇടിമിന്നലോടുകൂടി പെയ്യുന്ന മഴയാണ് സംവഹനവൃഷ്ടി<br>**തീരദേശമഴ**<br>• കടലിൽനിന്നുള്ള വായു തീരദേശങ്ങളിൽ വച്ച് കരയിലെ വായുവുമായി കൂട്ടിമുട്ടാനിടയായാൽ ഉഷ്ണവായു മുകളിലേക്ക് ഉയർത്തപ്പെടുകയും തുടർന്ന് മേഘരൂപീകരണത്തിനും മഴക്കും കാരണമാകുകയും ചെയ്യുന്നു<br>• ഇതാണ് തീരദേശമഴ<br>**OR**<br>**ഘനീകരണ രൂപങ്ങൾ**<br>**തുഷാരം**<br>➢ രാത്രികാലങ്ങളിൽ ഭൗമോപരിതലം തണുക്കുന്നതിനെത്തുടർന്ന് ഉപരിതലത്തോടു ചേർന്ന് സ്ഥിതിചെയ്യുന്ന ആന്തരിക്ഷഭാഗവും തണുക്കുന്നു<br>➢ ഇതു മൂലം നീരാവി ഘനീഭവിച്ച് വെള്ളത്തുള്ളികളായി ഭൂമിയുടെ ഉപരിതലത്തിലെ തണുത്ത പ്രതലങ്ങളിൽ പറ്റിപ്പിടിക്കുന്നതാണ് തുഷാരം<br>**ഹിമം**<br>➢ രാത്രികാലങ്ങളിൽ ഉപരിതലതാപം ഠ സെൽഷ്യസിനും താഴെയായി കുറയുന്ന പ്രദേശങ്ങളിൽ തുഷാരത്തിന് പകരം നേർത്ത ഹിമകണങ്ങളാണ് രൂപംകൊള്ളുന്നത്<br>**മൂടൽമഞ്ഞ്**<br>➢ അന്തരീക്ഷത്തിന്റെ താഴ്ന്ന വിതാനത്തിലുള്ള പൊടിപടലങ്ങളെ കേന്ദ്രീകരിച്ച് ഘനീകരണം നടക്കുമ്പോഴാണ് മൂടൽമഞ്ഞ് രൂപംകൊള്ളുന്നത്<br>**മേഘങ്ങൾ**<br>➢ അന്തരീക്ഷത്തിലെ നേർത്ത പൊടിപടലങ്ങളെ കേന്ദ്രീകരിച്ച് നീരാവി ഘനീഭവിച്ചാണ് മേഘങ്ങൾ രൂപംകൊള്ളുന്നത് | **6** |


**തയ്യാറാക്കിയത്**

**ബിജു.എം HST (SS)**

**GHSS PRAPPA**
**KASARGOD**

**കോളിൻ ജോസ് .ഇ HST (SS)**

**DR.AMMR GOVT. HSS, KATTELA**
**THIRUVANANTHAPURAM**